**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3420** **15-02-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ വിവിധ മാനേജ്മെന്റുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ. എന്നീ തസ്തികകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമന അംഗീകാരം ലഭിക്കുന്നതിന് വേണ്ടിയുള്ള എത്ര അപേക്ഷകളാണ് വിവിധ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിൽ നാളിതുവരെ തീർപ്പാക്കാതെ കിടക്കുന്നതെന്നും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാത്തതിന്റെ കാരണം എന്താണെന്നും ഓഫീസ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ; | (എ) | എൽ.പി.എസ്.ടി - 193<br><br>യു.പി.എസ്.ടി - 320<br><br>എച്ച്.എസ്.ടി - 288<br><br>മറ്റുള്ള അദ്ധ്യാപക തസ്തികകൾ-99 എന്നിങ്ങനെയാണ് തീർപ്പാക്കാതെ കിടക്കുന്ന പ്രൊപ്പോസലുകൾ. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത അദ്ധ്യാപകരുടെ നിയമന അംഗീകാരത്തിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപ്പീൽ അപേക്ഷകളിന്മേൽ അനുകൂല തീർപ്പുണ്ടാക്കിയ കേസുകളിൽ ബന്ധപ്പെട്ട എ.ഇ.ഒ., ഡി.ഇ.ഒ.മാർ അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ നൽകാത്ത എത്ര കേസുകളാണ് നിലവിൽ എറണാകുളം ജില്ലയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 46 നിയമനങ്ങളാണ് ഇപ്രകാരമുള്ളത്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | ശമ്പളം പോലും ലഭിക്കാതെ വർഷങ്ങളായി ജോലി ചെയ്യുന്ന മാനേജ്മെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമന അംഗീകാരം ത്വരിതഗതിയിലാക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പാലിക്കാതെ സമർപ്പിക്കുന്ന നിയമനാംഗീകാര പ്രൊപ്പോസലുകളിന്മേൽ മാത്രമാണ് അംഗീകാരം വൈകുന്നത്. നിയമനാനുസൃതമായ കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നം. | ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പേര് | LPST | UPST | HST | മറ്റുള്ളവ | നിയമനം അംഗീകരിക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|---|
| 1. | എ.ഇ.ഓ. ആലുവ | 35 | 10 | 0 | 3 | മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. |
| 2. | എ.ഇ.ഓ അങ്കമാലി | 12 | 9 | 0 | 2 | സീനിയർ നിയമിതരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല. |
| 3. | എ.ഇ.ഓ. എറണാകുളം | 22 | 3 | 0 | 0 | സീനിയർ നിയമിതരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല: മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. |
| 4. | എ.ഇ.ഓ. കല്ലൂർക്കാട് | 12 | 2 | 0 | 1 | മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. |
| 5. | എ.ഇ.ഓ. കോതമംഗലം | 3 | 0 | 0 | 0 | മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. |
| 6. | എ.ഇ.ഓ. നോർത്ത് പറവൂർ | 18 | 6 | 0 | 2 | മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. |
| 7. | എ.ഇ.ഓ. പെരുമ്പാവൂർ | 5 | 2 | 0 | 0 | സീനിയർ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല. |
| 8. | എ.ഇ.ഓ. തൃപ്പൂണിത്തുറ | 49 | 31 | 0 | 11 | സീനിയർ സൂപ്രണ്ട് തസ്തിക നാലു മാസമായി ഒഴിഞ്ഞു കിടക്കുന്നതിനാൽ നിയമന ഫയലുകളിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| 9. | എ.ഇ.ഓ. വൈപ്പിൻ | 5 | 4 | 0 | 0 | മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. |
| 10. | ഡി.ഇ.ഓ. ആലുവ | 17 | 96 | 97 | 24 | മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല; സീനിയർ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല. |
| 11. | ഡി.ഇ.ഓ. എറണാകുളം | 11 | 75 | 84 | 38 | സീനിയർ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല. |
| 12. | ഡി.ഇ.ഓ. കോതമംഗലം | 4 | 51 | 62 | 14 | സീനിയർ നിയമിതരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല; |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. |
| 13. | ഡി.ഇ.ഓ. മൂവാറ്റുപുഴ | 0 | 31 | 45 | 4 | മാനേജർ നിയമന പ്രൊപ്പോസലിനൊപ്പം ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടില്ല. |
| | **ആകെ** | **193** | **320** | **288** | **99** | |